# ജീവിത സൗഭാഗ്യം ആഗ്രഹിക്കുന്നവർ കുടുംബ ബന്ധം ചേർക്കട്ടെ

عَنْ أَنَسِ بْنِ مَالِكٍ رَضِيَ اللَّهُ عَنْهُ قَالَ: سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ: مَنْ سَرَّهُ أَنْ يَبْسُطَ لَهُ فِي رِزْقِهِ، أَوْ يُنْسَأَلَهُ فِي أَثَرِهِ، فَلْيَصِلْ رَحِمَهُ

അനസുബ്നു മാലികി(റ)ൽനിന്ന്: നബി(സ) പറയുന്നത് ഞാൻ കേട്ടു: "വല്ലവനും ജീവിത വിഭവസമൃദ്ധിയും ദീർഘായുസ്സും ആഗ്രഹിക്കുന്നെങ്കിൽ അവൻ കുടുംബ ബന്ധം പുലർത്തട്ടെ" (ബുഖാരി, മുസ്‌ലിം)

ബന്ധങ്ങൾക്ക് ഇസ്‌ലാമിൽ ഏറെ പ്രാധാന്യമുണ്ട്; അത് കുടുംബ ബന്ധമാകുമ്പോൾ പ്രത്യേകിച്ചും. മനുഷ്യ ജീവിതത്തിൽ സമാധാനവും പുരോഗതിയും ഉറപ്പാക്കുന്ന എല്ലാ മാനുഷിക ബന്ധങ്ങളും അറ്റുപോകാതെ സൂക്ഷിക്കണമെന്ന് അല്ലാഹു ആജ്ഞാപിച്ചിട്ടുണ്ട്. അത്തരത്തിൽ അല്ലാഹു നമ്മോട് ചേർക്കാനാവശ്യപ്പെട്ടതും, ഒഴിച്ച് കൂടാനാവാത്തതുമാണ് കുടുംബ ബന്ധം.

സാമൂഹിക ജീവിയായ മനുഷ്യന് തനിച്ച് ജീവിക്കുക പ്രയാസകരമാണ്. തനിച്ചാകുമ്പോൾ അവന്റെ ജീവിതം മടുപ്പ് നിറഞ്ഞതും അസ്വസ്ഥഭരിതവുമാകുന്നു. എന്നാൽ കുടുംബത്തോടൊത്തുള്ള ജീവിതം ഐശ്വര്യ പൂർണവും സംതൃപ്തവുമായിരിക്കും. കഠിന പ്രയാസങ്ങളിലും പ്രതിസന്ധി ഘട്ടങ്ങളിലും തന്നെ സമാശ്വസിപ്പിക്കാനും, താങ്ങായി നിൽക്കാനും ബന്ധുക്കൾ ഒപ്പമുണ്ടാകും. മാത്രമല്ല, കുടുംബ ബന്ധങ്ങൾ നന്നാക്കുമ്പോഴാണ് അല്ലാഹുവിന്റെ പ്രീതിയും കരുണാകടാക്ഷങ്ങളും ലഭ്യമാവുക. ഖുദ്സിയായ ഹദീസിൽ ഇങ്ങനെ കാണാം: അല്ലാഹു പറഞ്ഞിരിക്കുന്നു: "ഞാനാണ് അല്ലാഹു, ഞാനാണ് പരമകാരുണികൻ, കുടുംബ ബന്ധത്തെ സൃഷ്ടിച്ചത് ഞാനാണ്. എന്റെ നാമങ്ങളിൽ നിന്നാണ് ഞാനതിനു പകുത്തു നൽകുകയും ചെയ്തത്. അതിനാൽ കുടുംബ ബന്ധം ചേർക്കുന്നവനുമായി ഞാൻ ബന്ധം ചേർക്കും. അത് മുറിക്കുന്നവനുമായി ഞാൻ ബന്ധം വിഛേദിക്കും."

ഓരോരുത്തർക്കും തങ്ങളുടെ ശരീരത്തോട് കടപ്പാടുള്ളത് പോലെ സ്വന്തം കുടുംബത്തോടും എണ്ണിയാൽ തീരാത്ത കടപ്പാടുണ്ട്. ഒരിക്കൽ ഒരാൾ നബി(സ) യുടെ അടുക്കൽ വന്ന്, 'എന്റെ ഉത്തമ സഹവാസത്തിന് ഏറ്റവും അർഹതപ്പെട്ടത് ആരാണ്?' എന്ന് ചോദിച്ചപ്പോൾ മൂന്ന് തവണയും 'നിന്റെ മാതാവ്' എന്നാണ് പ്രവാചകൻ പഞ്ഞത്; നാലാം തവണ ചോദിച്ചപ്പോൾ 'നിന്റെ പിതാവ്' എന്നും പറഞ്ഞു (മുസ്‌ലിം).

മറ്റൊരിക്കൽ അംറുബ്നു അബസ(റ) പ്രവാചകനോട് 'എന്ത് സന്ദേശവുമായാണ് അല്ലാഹു താങ്കളെ പ്രവാചകനായി നിയോഗിച്ചത്' എന്ന് ചോദിച്ചപ്പോൾ, അവിടുന്ന് പറഞ്ഞു: "കുടുംബബന്ധം ചേർക്കാനും, വിഗ്രഹാരാധന ഇല്ലാതാക്കാനും, അല്ലാഹുവിൽ ആരെയും പങ്ക് ചേർക്കാതെ അവന്റെ ഏകത്വം സ്ഥാപിക്കാനുമാണ് എന്നെ നിയോഗിച്ചിട്ടുള്ളത്."

കുടുംബബന്ധം വേർപെടുത്തുകയെന്നത് ഗുരുതരമായ പാപവും, ദൈവകാരുണ്യം തടയപ്പെടാനും കർമങ്ങൾ വിഫലമാകാനുമുള്ള കാരണവുമായി കണക്കാക്കപ്പെടുന്നു. പ്രവാചകൻ(സ) പറഞ്ഞു: "മനുഷ്യരുടെ കർമങ്ങൾ എല്ലാ വെള്ളിയാഴ്ച രാവുകളിലും അല്ലാഹുവിന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെടും. കുടുംബബന്ധം മുറിച്ചവന്റെ ഒരു കർമവും സ്വീകരിക്കപ്പെടുകയില്ല." ഒരു സദസ്സിൽവെച്ച് പ്രവാചകൻ(സ) പറഞ്ഞു: "കുടുംബബന്ധം മുറിച്ചവൻ ഇന്ന് നമ്മുടെ കൂടെ ഇരിക്കരുത്," അപ്പോൾ ഒരാൾ എഴുന്നേറ്റ് പോയി. അയാളുടെ മാതൃസഹോദരിയുമായി ഒരു പ്രശ്നമുണ്ടായിരുന്നു. അത് പരിഹരിച്ച് അയാൾ മടങ്ങി വന്നപ്പോൾ പ്രവാചകൻ(സ) ഇപ്രകാരം പറഞ്ഞു: "കുടുംബ ബന്ധം മുറിച്ചവൻ ഇരിക്കുന്ന സദസ്സിൽ അല്ലാഹുവിന്റെ കാരുണ്യം ഇറങ്ങുകയില്ല. അത് കൊണ്ടാണ് ഞാൻ അപ്രകാരം പറഞ്ഞത്."

ഒരാൾ കാരണം ഒരു സദസ്സിൽ ദൈവകാരുണ്യമിറങ്ങുന്നതിന് പോലും തടസ്സമാകുന്ന പാപമാണ് കുടുംബബന്ധം മുറിക്കൽ എന്നർഥം. കുടുംബബന്ധം വിഛേദിക്കൽ, നരകപ്രവേശനത്തിന് വരെ കാരണമാവുമെന്നും പ്രവാചകൻ(സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. "ബന്ധം മുറിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല." ഇബ്നുഅബീ ഉമർ(റ) പറയുന്നു: സുഫ്‌യാൻ(റ) പറഞ്ഞു: "കുടുംബബന്ധം മുറിക്കുന്നവനെയാണ് ഈ പ്രവാചകവചനം ഉദ്ദേശിച്ചത്" (ബുഖാരി, മുസ്‌ലിം).

അതിനാൽ, ബന്ധങ്ങൾ ചേർക്കുന്നതിന്റെ പവിത്രത തിരിച്ചറിയുകയും, അത് വിഛേദിച്ചാലുണ്ടായേക്കാവുന്ന വിപത്തുകൾ മനസ്സിലാക്കി അല്ലാഹുവിന് വേണ്ടി പരസ്പരം ബന്ധങ്ങൾ മെച്ചപ്പെടുത്തിയെടുക്കുകയും ചെയ്യാൻ വിശ്വാസികൾ ജാഗ്രത പുലർത്തേണ്ടതുണ്ട്.

■